വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്.

(ബി) ഡോ. യു. ആർ. അനന്തമൂർത്തി ചെയർമാൻ, ഡോ. എ. സുകുമാരൻ നായർ (മെമ്പർ), ഡോ. ഡി. ബാബുപോൾ (മെമ്പർ), പ്രൊ. എൻ. പുരുഷോത്തമൻ (മെമ്പർ), പ്രൊ. കെ. എം. ബഹാവുദീൻ (മെമ്പർ). കമ്മീഷൻ ചെയർമാനും ചില അംഗങ്ങളും തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായതിനാൽ കമ്മീഷൻ രണ്ട് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. രണ്ട് റിപ്പോർട്ടുകളും വിശദമായ പരിശോധനയിലാണ്.

(സി) വ്യത്യസ്തങ്ങളായ രണ്ട് റിപ്പോർട്ടുകൾ വന്ന സാഹചര്യത്തിൽ വിശദമായ പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കിയതിനുശേഷം മാത്രമേ റിപ്പോർട്ടുകൾ അംഗീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുകയുള്ളൂ.

റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം

6 [*255] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. വി. കെ. സി. മമ്മത്കോയ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണ പരിപാടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ ഇപ്പോഴത്തെ പുരോഗതിയും വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ ഈ പരിപാടി നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടുണ്ട്;

(സി) റവന്യൂ രേഖകളുടെ എത്ര ശതമാനം കമ്പ്യൂട്ടർവൽക്കരണ പരിപാടിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാനത്ത് റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണ പരിപാടി പുരോഗമിച്ചുവരുന്നു. 14 ജില്ലാ കളക്ട്രേറ്റുകളിലും 63 താലൂക്കാഫീസുകളിലും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചുകഴിഞ്ഞു.

(ബി) സംസ്ഥാനത്ത് റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം താലൂക്ക് തലത്തിലാണ് നടപ്പാക്കുന്നത്. വില്ലേജ് തലത്തിലുള്ള വിവരങ്ങൾ കണക്കാക്കിയിട്ടില്ല.

(സി) റവന്യൂ രേഖകളുടെ 93.47% നാളിതുവരെ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

(ഡി) പ്രാവർത്തികമാക്കിവരുന്നു.

(ഇ) നാളിതുവരെയായി 956.54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഏകീകൃത സർവ്വകലാശാല നിയമം

7 [*256] ശ്രീ. മത്തായി ചാക്കോ:

,, എ. കെ. ബാലൻ:

,, ടി. കെ. ദേവകുമാർ:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത സർവ്വകലാശാല നിയമം നടപ്പിലാക്കുന്നതിനുള്ള നീക്കം ഉപേക്ഷിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കേരള, കാലിക്കറ്റ് സർവ്വകലാശാലാ നിയമങ്ങളിൽ എന്തെങ്കിലും ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഏതൊക്കെ സർവ്വകലാശാലകളിലാണ് ഇപ്പോൾ സെനറ്റ് ഇല്ലാത്തത്; സെനറ്റ് ഇല്ലാത്ത സർവ്വകലാശാലകളിൽ സെനറ്റ് രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) കേരള, കാലിക്കറ്റ് സർവ്വകലാശാലകളിലെ നിലവിലുള്ള സിൻഡിക്കേറ്റുകളെ പിരിച്ചുവിട്ട് പുതിയ സിൻഡിക്കേറ്റുകളെ നോമിനേറ്റ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഏകീകൃത സർവ്വകലാശാലാ ബില്ലിൽ സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് ഉൾപ്പെടുത്തിയിട്ടുള്ള വകുപ്പുകൾക്ക് പകരം പുതിയ നിയമ നിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്. വിവിധ കോണുകളിൽനിന്നും ഉയർന്ന എതിർപ്പും ഇത് സംബന്ധിച്ച് ഉണ്ടായ വിവാദവും കണക്കിലെടുത്ത് സമവായത്തിന്റെയും സമന്വയത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കാനാണ് ബിൽ പിൻവലിക്കാൻ തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly